Phone: Executive Officer : 04935 - 210201
Enquiry : 210065

SREE THIRUNELLY TEMPLE
UNDER MALABAR DEVASWOM BOARD
P. O. THIRUNELLY TEMPLE, WAYANAD - 670 646.
Kerala State, India.

# ശ്രീ തിരുനെല്ലി ദേവസ്വം ഷോപ്പ് പുനർലേലം

ശ്രീ തിരുനെല്ലി ക്ഷേത്രം ഷോപ്പിംഗ് കോംപ്ലക്സിലെ 1/1C, 1/1D, 1/1E, 1/1H, 1/1I റൂമുകൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പുനർലേലം ചെയ്ത് കൊടുക്കുന്നു. ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ 11.01.2024-ന് രാവിലെ 11 മണിക്ക് മുമ്പായി ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. ക്വട്ടേനുകൾ 11.01.2024-ന് രാവിലെ 11.30 മണിക്ക് ഹാജരായ ക്വട്ടേഷൻകാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് തുടർ നടപടി സ്വീകരിക്കുന്നതാണ് കൂടുതൽ വിവരങ്ങൾ ദേവസ്വം ഓഫീസ്സിൽ നിന്നും (04935210201, 8547336201), വെബ്സൈറ്റിൽ (thirunellytemple.in, thirunelitemple.org) നിന്നും അറിയാവുന്നതാണ്.

## ലേലം/ക്വട്ടേഷൻ - നിബന്ധനകൾ

1. ലേലത്തിൽ / ക്വട്ടേഷനിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓരോ മുറിക്കും 10000 രൂപ നിരതദ്രവ്യം അടച്ച രശീതി അപേക്ഷയോടോപ്പം സമർപ്പിക്കേണ്ടതാണ്.
2. ലേലത്തിൽ / ക്വട്ടേഷനിൽ ഹിന്ദുക്കളായവർക്ക് മാത്രമേ പങ്കെടുക്കുവാൻ പറ്റുകയുള്ളൂ.
3. ഒരാൾക്ക് ഒന്നിലേറെ മുറികൾക്ക് അപേക്ഷ കൊടുക്കാവുന്നതാണ്.
4. അപേക്ഷയിൽ മുറിയുടെ ഒരുമാസത്തെ വാടകയും,എടുക്കാൻ ഉദ്ദേശിക്കുന്ന മുറിയുടെ ബിൽഡിഗ് നമ്പറും രേഖപ്പെടുത്തേണ്ടതാണ്.
5. ഒരോ മുറിക്കും 100000 (ഒരു ലക്ഷം) രൂപ പലിശരഹിത ഡപ്പോസിറ്റായി അടക്കേണ്ടതാണ്.11 മാസം കൂടുംമ്പോൾ എഗ്രിമെന്റ് പുതുക്കേണ്ടതും 5% വാടക വർദ്ധിപ്പിച്ച് നൽകേണ്ടതുമാണ്.
6. ലേലത്തിൽ / ക്വട്ടേഷനിൽ പങ്കെടുത്ത മുറി ലഭികാത്ത വ്യക്തികളുടെ നിരതദ്രവ്യം ഉടൻ തിരിച്ചു നൽകുന്നതാണ് രണ്ടാമത്തെ ഉയർന്ന നിരക്ക് കാണിച്ച ആളുടെ നിരതദ്രവ്യം ഉടൻ നൽകുന്നതല്ല.
7. മുറി എടുക്കുന്നവർ വാടക അനുസരിച്ച് നിയമപ്രകാരമുള്ള മുദ്രപത്രത്തിൽ ദേവസ്വവുമായി എഗ്രിമെന്റ് വെക്കേണ്ടതാണ്. ഓരോ മാസവും 5-ാം തീയ്യതി വാടക ദേവസ്വം ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്.
8. കടകളിൽ മത്സ്യം/മാംസം/ മുട്ട എന്നിവയും ലഹരി വസ്തുക്കളും വിൽപ്പന നടത്തുവാനോ,ഉപയോഗിക്കുവാനോ പാടില്ലാത്തതാണ് .
9. വാടകയ്ക്ക് എടുക്കുന്ന കടയിൽ നിന്നുള്ള മാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതാണ് ഗ്രീൻ പ്രോട്ടോക്കോൾ

Phone: Executive Officer : 04935 - 210201
Enquiry : 210055

# SREE THIRUNELLY TEMPLE

UNDER MALABAR DEVASWOM BOARD
P. O. THIRUNELLY TEMPLE, WAYANAD - 670 646.
Kerala State, India.

നിബന്ധനകൾ കർശനമായി പാലിക്കേണ്ടതും,ശബ്ദമലിനീകരണം ഉണ്ടാകാൻ പാടില്ലാത്തതുമാണ്.

10. യാതൊരു കാരണാവശാലും മുറി മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതും കെട്ടിടത്തിൽ യാതൊരു മാറ്റവും വരുത്തുവാൻ പാടില്ലാത്തതുമാണ് .
11. വൈദ്യുതി,വാട്ടർ,ഫർണ്ണിഷിംങ്ങ് എന്നിവ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും എടുക്കേണ്ടതാണ്.
12. നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തികുന്ന സ്ഥാപനം ഏതുസമയത്തും നിർത്തി വെപ്പിക്കുന്നതിനുള്ള അധികാരം ദേവസ്വം എക്സിക്യുട്ടീവ് ഓഫീസ്സറിൽ നിക്ഷിപ്തമാണ്.
13. കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് കട നിർത്തുന്ന ആൾക്ക് 11-മാസത്തെ വാടകയിൽ അടക്കുവാൻ ബാക്കിയുള്ള സംഖ്യ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുറവ് ചെയ്യുന്നതാണ്.
14. സെക്യൂരിറ്റി സംഖ്യ എഗ്രിമെന്റ് കാലാവധിക്ക് ശേഷം മാത്രമേ തിരിച്ച് നൽകുകയുള്ളു.
15. ലേലം / ക്വട്ടേഷൻ പൂർണ്ണമായും നിർത്തിവെക്കാനോ ആവശ്യമെങ്കിൽ പുനർ ലേലം ചെയ്യുന്നതിനൊ ഉള്ള അധികാരം ദേവസ്വത്തിൽ നിക്ഷിപ്തമാണ്.
16. ലേലത്തിൽ / ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ ആധാർ/ID കാർഡ് കൊണ്ടുവരേണ്ടതാണ്.
17. കാലാകാലങ്ങളിൽ വരുന്ന സർക്കാർഉത്തരവുകൾ ബാധകമായിരിക്കും.
18. ലേലത്തിൽ പങ്കെടുക്കുന്നവർ ദേവസ്വം നിശ്ചയിക്കുന്ന നിരക്കിൽ നിന്നും കുറഞ്ഞത് 50 രൂപ തോതിൽ കൂട്ടി വിളിക്കേണ്ടതാണ്.

സ്ഥലം:തിരുനെല്ലി

തിയ്യതി:29.12.2023

(ഒപ്പ്)

എക്സിക്യൂട്ടീവ് ഓഫീസർ
തിരുനെല്ലി ദേവസ്വം.

**Copy to**

1. തിരുനെല്ലി വില്ലേജ് ഓഫീസ്.
2. തിരുനെല്ലി പഞ്ചായത്ത് ഓഫീസ്.
3. തിരുനെല്ലി ദേവസ്വം നോട്ടീസ് ബോർഡ്.